പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3066 — 18.06.2019-ൽ മറുപടിക്ക്

നദീതീരങ്ങളിലെ കയ്യേറ്റം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി. ദിവാകരൻ : | ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നദീതീരങ്ങളിലെ കയ്യേറ്റം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എ) നദീതീരങ്ങളിലെ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ 1957-ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരവും, 1958-ലെ ചട്ടപ്രകാരവും, 2009-ലെ ഭേദഗതി നിയമപ്രകാരവും ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സർവ്വേയറുടെ സഹായത്തോടെ പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തുകയും, അനധികൃത കയ്യേറ്റം കണ്ടെത്തുന്ന പക്ഷം ടി നിയമപ്രകാരം കൈയ്യേറ്റ കക്ഷികളെ നിയമാനുസൃതം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരികയും ചെയ്യുന്നു. മുനിസിപ്പാലിറ്റി/ പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയിലാണ് കൈയ്യേറ്റം കണ്ടെത്തുന്നതെങ്കിൽ കേരള ഭൂസംരക്ഷണ നിയമത്തിലെ സെക്ഷൻ 15 പ്രകാരം ബന്ധപ്പെട്ട മുനിസിപ്പാലിറ്റി പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി കൈയ്യേറ്റ ഭൂമിയുടെ മഹസ്സർ, സ്കെച്ച് സഹിതം കൈമാറി വരുന്നു. സർക്കാർ ഭൂമിയിലെ കൈയ്യേറ്റം സംബന്ധിച്ച കേസ്സുകൾ ശ്രദ്ധയിൽ പ്പെട്ടാൽ ത്വരിത നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാനതലത്തിലും, ജില്ലാ തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ച് അത്തരം കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നു. അതോടൊപ്പം, ഗവൺമെന്റ് ഭൂമിയിലെ കൈയ്യേറ്റങ്ങൾ തിട്ടപ്പെടുത്തുന്നതിനായി ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമി, |

ഇതിൽ അനധികൃത കൈയ്യേറ്റം ഉള്ള ഭൂമി, ഉടമസ്ഥരില്ലാതെ കിടക്കുന്ന ഭൂമി, വിട്ടൊഴിഞ്ഞ ഭൂമി അടങ്ങിയ വിശദ വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുള്ളതും അത്തരത്തിലുള്ള വിവര ശേഖരണം നടന്നു വരുന്നതുമാണ്.

(ബി) തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് നദീ തീരങ്ങളിലെ കയ്യേറ്റം കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ; അവ ഒഴിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

(ബി) തിരുവനന്തപുരം ജില്ലയിൽ കരമനയാർ-കിള്ളിയാർ, നെയ്യാർ നദീതീരങ്ങളിലായി 133 അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുള്ളതും. ആയത് ഒഴിപ്പിക്കുന്നതിന് 1957-ലെ കേരള ഭൂ സംരക്ഷണ നിയമ പ്രകാരവും 2009-ലെ ഭേദഗതി നിയമപ്രകാരവുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

**സെക്ഷൻ ഓഫീസർ**